പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5311 05-07-2012-ൽ മറുപടിയ്ക്ക്**

## കേരളത്തിലെ പൊതുകളിസ്ഥലങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.ദാസൻ** | | **ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** | |
| (എ) | കേരളത്തിൽ വർദ്ധിച്ചുവരുന്ന ജനസാന്ദ്രത കാരണവും മറ്റ് കാരണങ്ങളാലും പൊതുകളി സ്ഥലങ്ങൾ കുറഞ്ഞ് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | കളി സ്ഥലങ്ങളും മൈതാനങ്ങളും നഷ്ടമായി കൊണ്ടിരിക്കുന്നതിനാൽ കുട്ടികൾക്ക് കളികളിലും കായികപ്രവർത്തനങ്ങളിലും ഏർപ്പെടാൻ സാധിക്കാതെ കായിക ക്ഷമത കുറഞ്ഞ് വരുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; | (ബി) | ഉണ്ട്. ഇതിനുപരിഹാരമായി പൈക്ക പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തുകളിലും, സ്കൂളുകളിലും കളിസ്ഥലം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | കുട്ടികളിലെ കായിക ക്ഷമത പരിപോഷിപ്പിക്കുന്നതിന് മുൻ സർക്കാർ നടപ്പിലാക്കിയ ടോട്ടൽ ഫിറ്റ്നസ് പ്രോഗ്രാം മാതൃകയിൽ ദരിദ്ര വിഭാഗത്തിലുള്ള കായികാഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി കായികശേഷി വളർത്തുന്നതിന് എന്തെങ്കിലും പുതിയ പദ്ധതി ഈ സർക്കാർ കൊണ്ടുവന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (സി) | പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടില്ല. എന്നാൽ ടോട്ടൽ ഫിറ്റ്നസ് പ്രോഗ്രാം എന്ന പദ്ധതിയിൽ എല്ലാ മേഖലയിലെയും കുട്ടികളെ ഉൾപ്പെടുത്തി പരിശീലനം നൽകി വരുന്നു. |
| (ഡി) | സംസ്ഥാനത്ത് പൊതുകളിസ്ഥലങ്ങളും മൈതാനങ്ങളും ഇല്ലാത്ത പഞ്ചായത്തുകളിൽ കളിസ്ഥലവും മൈതാനവും നിർമ്മിക്കാൻ സർക്കാരിന് എന്തെങ്കിലും പദ്ധതിയുണ്ടോ ; ഇല്ലെങ്കിൽ ഇത്തരം പഞ്ചായത്തുകളിൽ ലഭ്യമാകുന്ന പുറംപോക്ക് സ്ഥലം കൂടി ഉപയോഗപ്പെടുത്തി കളി സ്ഥലം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ ? | (ഡി) | ഉണ്ട്. പൈക്ക പദ്ധതിയിൽ ഉൾപ്പെടുന്ന ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽപ്പെട്ട സർക്കാർ/ എയ്ഡഡ് സ്കൂൾ ഗ്രൗണ്ടുകൾ/പഞ്ചായത്തു ഗ്രൗണ്ടുകൾ എന്നിവ വികസിപ്പിക്കുന്നതിനും അല്ലെങ്കിൽ സർക്കാർ/എയ്ഡഡ് സ്കൂൾ/പഞ്ചായത്ത് ഉടമസ്ഥതയിലുള്ള സ്ഥലം കളി സ്ഥലമാക്കുന്നതിനും ധനസഹായം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ